"ഭരണഭാഷ മാതൃഭാഷ "

ജെ.2-25053/17

പഞ്ചായത്ത് ഡയറക്ടർ ആഫീസ്
തിരുവനന്തപുരം, തീയതി .27/07/2017

പഞ്ചായത്ത് ഡയറക്ടർ

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ്-ലൈഫ് മിഷൻ ഏകദിന ശില്പശാല-അറിയിപ്പ് നൽകുന്നത് സംബന്ധിച്ച്

സൂചന: ബഹു.വകുപ്പ് മന്ത്രിയുടെ 25.07.2017-ലെ 639/17/MLSGD നമ്പർ കത്ത്

ലൈഫ് മിഷനും കിലയും സംയുക്തമായി 2.08.2017-ന് തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്ന ഏകദിന ശില്പശാലയിൽ പങ്കെടുക്കുന്നതിന് മേയർ, ചെയർമാൻമാർ, പ്രസിഡൻറുമാർ എന്നിവർക്കുള്ള സൂചന കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും നൽക്കേണ്ടതും ലഭ്യമായിട്ടുണ്ടെന്നുള്ള വിവരം ഉറപ്പുവരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി

ഡോ. കെ. ടി. ജലീൽ
തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം
വഖഫ് & ഹജ്ജ് വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം
തീയതി 25.07.2017

No. 639/17/MLSGD

**പ്രിയ മേയർ/ചെയർമാൻ/പ്രസിഡന്റ്,**

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ ഒരു ഘട്ടം പൂർത്തിയാക്കി. അടുത്ത ഘട്ടത്തിലേക്ക് കടക്കുകയാണ്. 2017 ജൂലൈ 30- തീയതി ഗുണഭോക്താക്കളുടെ കരട് പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുകയാണ്. ഏതൊരു ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതിയുടെയും വിജയം അർഹതയുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക എന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ ഗുണഭോക്തൃ പട്ടിക കുറ്റമറ്റതാക്കാൻ കഴിയുകയുള്ളൂ.

സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരിപാടിയാണ് ലൈഫ് മിഷൻ. ആയത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, നേതൃത്വം നൽകുന്ന അദ്ധ്യക്ഷന്മാരും ഏറ്റെടുത്താൽ മാത്രമേ വിജയകരമായി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനെ സംബന്ധിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർന്ന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദീകരിക്കുന്നതിനായി 2017 ആഗസ്റ്റ് രണ്ടാം തീയതി തിരുവനന്തപുരം നാലാഞ്ചിറയുള്ള ഗിരിദീപം കൺവെൻഷൻ സെന്ററിൽ വച്ച് ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. പ്രസ്തുത ശില്പശാല ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്ഘാടനം ചെയ്യുന്നു. രജിസ്ട്രേഷൻ രാവിലെ 9.30 ന് ആരംഭിക്കും. പ്രസ്തുത ശില്പശാലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരും പങ്കെടുക്കാനും പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് എല്ലാവരുടെയും സഹകരണവും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഡോ. കെ. ടി. ജലീൽ**

ഓഫീസ് : നാലാം നില, റൂം നമ്പർ 401, സെക്രട്ടേറിയറ്റ് അനക്സ്
തിരുവനന്തപുരം-695 001
ഫോൺ ഓഫീസ് : 0471-2327895, 0471-2327796 വസതി : 0471-2720451, 0471-2723181
'ഗംഗ', കന്റോൺമെന്റ് ഹൗസ് കോംപ്ലക്സ്